പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 235 5.03.2012 ൽ മറുപടിക്ക്

" വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് " പദ്ധതിയുടെ പ്രവർത്തന പുരോഗതി

ചോദ്യം
ശ്രീ. എ.എ.അസീസ്

മറുപടി
ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | " വിഴിഞ്ഞം കണ്ടെയ്നർ ട്രാൻസ് ഷിപ്പ്മെന്റ് " പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | എ | സംസ്ഥാനത്തെ സ്വപ്ന പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1) ലാന്റ് ലോർഡ് മോഡൽ പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യ വികസനം സർക്കാർ നേരിട്ടും സൂപ്പർ സ്ട്രക്ച്ചറും തുറമുഖ നടത്തിപ്പും സ്വകാര്യ മേഖലയ്ക്കുമായാണ് വിഭാവന ചെയ്തിരിക്കുന്നത്. ഇതിൻ പ്രകാരം കേന്ദ്ര പാരിസ്ഥിതിക അനുമതി നേടുന്നതിനുള്ള പഠനം എൽ & റ്റി റാമ്പോൾ, ഐ.എഫ്.സി എന്നിവർ സമയബന്ധിതമായി നടത്തിവരുന്നു.<br>2) ഇതിനു സമാന്തരമായി തുറമുഖ നിർമ്മാണത്തിനു വേണ്ടിയുള്ള മാസ്റ്റർ പ്ലാൻ, Engineering Procurement Construction Contract (EPC), Bid Document എന്നിവ EPC കൺസൽട്ടന്റിനെ നിയമിച്ച് തയ്യാറാക്കുന്ന ജോലികൾ നടന്നുവരുന്നു.<br>3) പദ്ധതിയുടെ ആകെ ചെലവ് 4010 കോടിയായി പുനർനിർണ്ണയിക്കുകയും ധനസമാഹരണത്തിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. Bank Consortium , LIC, HUDCO എന്നിവരുമായി ചർച്ചകൾ നടന്നുവരുന്നു. ബോണ്ട് വഴി ധനസമാഹരണത്തിനുള്ള ശ്രമങ്ങളും ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4) പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുക്കപ്പെടുന്നതിന് Welspun കൺസോർഷ്യത്തിനുള്ള കേന്ദ്ര സർക്കാരിന്റെ സുരക്ഷാനുമതിയെ തുടർന്ന് ടി കൺസോർഷ്യം സമർപ്പിച്ചിട്ടുള്ള സാമ്പത്തിക ബിഡ് തുറന്നു. പ്രസ്തുത ബിഡ്ഡിൻമേലുള്ള ഐ.എഫ്.സി.യുടെ ഉപദേശത്തിൻമേൽ സർക്കാർ അവലോകനം നടത്തി വരുന്നു.<br>5) ഭൂമി ഏറ്റെടുക്കൽ പ്രക്രിയ നടന്നുവരുന്നു.<br>6) പദ്ധതിക്ക് ആവശ്യമായ ജലം, വൈദ്യുതി എന്നിവ എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡും, വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.<br>7) NH-47 Bypass മായുള്ള റോഡ് കണക്റ്റിവിറ്റിയ്ക്കായി Land Connection നടപടികൾ പൂർത്തിയായിട്ടുണ്ട്<br>8) റെയിൽവേയുടെ അലൈൻമെന്റ് അംഗീകരിക്കുന്നതിനു വേണ്ടി ഉപദേശകരായ RVNL മായി ചർച്ച നടന്നു വരികയാണ്. |
| ബി | ഇതുമായി ബന്ധപ്പെട്ട റോഡ്, റെയിൽ, വൈദ്യുതി, ജലവിതരണ പ്രവർത്തനങ്ങളുടെ അവസ്ഥ വ്യക്തമാക്കുമോ ; | ബി | പദ്ധതിക്ക് ആവശ്യമായ ജലം, വൈദ്യുതി എന്നിവ എത്തിയ്ക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വൈദ്യുതി ബോർഡും, വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. തുറമുഖത്തേയ്ക്കുള്ള താൽക്കാലിക സർവ്വീസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ KSTP ഏറ്റെടുത്ത് നടത്തിവരുന്നു. റെയിൽവേയുടെ അലൈൻമെന്റ് അംഗീകരിക്കുന്നതിനു വേണ്ടി RVNL മായി ചർച്ച നടന്നു വരികയാണ്. |
| സി | വിഴിഞ്ഞം പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ; | സി | കേന്ദ്ര സർക്കാരിൽ നിന്നും പാരിസ്ഥിതിക അനുമതി ലഭിച്ചാൽ മാത്രമേ തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പാരിസ്ഥിതിക പഠനം 2012-ൽ പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ നിന്നും അനുമതി നേടിയെടുക്കാനുള്ള നടപടികൾ നടന്നുവരുന്നു. നിർമ്മാണം തുടങ്ങിക്കഴിഞ്ഞാൽ 48 മാസം കൊണ്ട് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഡി | സംസ്ഥാന സർക്കാർ അടിയന്തിരമായി ചെയ്തുതീർക്കേണ്ട എന്തൊക്കെ പ്രവർത്തനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ? | ഡി | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ തുറമുഖ കമ്പനി വഴി താഴെപ്പറയുന്ന കാര്യങ്ങളാണ് ചെയ്തു തീർക്കാനുള്ളത്. |

| | | | |
|---|---|---|---|
| | | | 1) പാരിസ്ഥിതികാഘാത നിർണ്ണയ പഠനം, 2012 ജൂൺ മാസത്തോടെ പൂർത്തിയാക്കി പൊതു തെളിവെടുപ്പു നടത്തി 2012 സെപ്തംബർ മാസത്തോടെ പാരിസ്ഥിതികാനുമതിയ്ക്കായി പഠന റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്.<br>2) പാരിസ്ഥിതിക പഠനം പൂർത്തിയായതിനുശേഷം തെരഞ്ഞെടുക്കപ്പെടുന്ന തുറമുഖ നടത്തിപ്പുകാരന്റെ അഭിപ്രായങ്ങൾ കൂടി ഉൾക്കൊണ്ട് തുറമുഖ നിർമ്മാണക്കാരനെ . കണ്ടെത്തുന്നതിലേയ്ക്കായി നിർമ്മാണ കരാർ വിളിക്കുക.<br>3) വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് പോർട്ട് ഓപ്പറേറ്ററായി തെരഞ്ഞെടുക്കപ്പെടുന്നതിലേക്കായി രണ്ട് ബിഡ്ഡുകളാണ് ലഭിച്ചിരുന്നത്. അതിൽ Welspun കൺസോർഷ്യത്തിന് കേന്ദ്ര സർക്കാരിന്റെ സുരക്ഷാനുമതി ലഭിച്ചതിനെ തുടർന്ന് പ്രസ്തുത കൺസോർഷ്യത്തിന്റെ സാമ്പത്തിക ബിഡ് തുറക്കുകയും പ്രസ്തുത ബിഡ്ഡിൻമേലുള്ള ഐ.എഫ്.സി.യുടെ ഉപദേശത്തിൻമേൽ സർക്കാർ അവലോകനം നടത്തി പോർട്ട് ഓപ്പറേറ്ററെ കണ്ടെത്തുക.<br>4) തുറമുഖ നിർമ്മാണത്തിനായി പണം കണ്ടെത്തുന്നതിനുവേണ്ടി HUDCO, LIC തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുമായും ബാങ്ക് കൺസോർഷ്യവുമായും ചർച്ചകൾ നടന്നുവരുന്നു. ബോണ്ട് വഴി പണം സ്വരൂപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്.<br>5) തുറമുഖത്തിന് ഏറ്റവും അത്യാവശ്യമായി ഏറ്റെടുക്കാനുള്ള ബാക്കി സ്ഥലം ഏറ്റെടുക്കുക. |

**സെക്ഷൻ ഓഫീസർ**